**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2824** **10-03-2025 - ൽ മറുപടിയ്ക്ക്**

**ട്രൈബൽ പ്ലസ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ജെ. മാക്സി** | | **ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | ട്രൈബൽ പ്ലസ് പദ്ധതിയുടെ പ്രവർത്തനം വിശകലന വിധേയമാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുള്ള 100 തൊഴിൽദിനങ്ങൾക്ക് ഉപരിയായി സംസ്ഥാനത്തെ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് 100 തൊഴിൽദിനങ്ങൾ അധികമായി അനുവദിക്കുന്ന പദ്ധതിയാണ് കേരള ട്രൈബൽ പ്ലസ് പദ്ധതി. 2018-19 മുതൽ ടി പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നുണ്ട്. പദ്ധതി ആരംഭിച്ചത് മുതൽ ട്രൈബൽ പ്ലസ് പദ്ധതിയുടെ പ്രവർത്തനം വിശകലനം ചെയ്യാറുണ്ട്. പൂർണ്ണമായും സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക സഹായത്താൽ നടപ്പിലാക്കുന്ന ടി പദ്ധതിയിലൂടെ പിന്നാക്ക വിഭാഗത്തിൽപ്പെട്ട പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് സാമ്പത്തിക ഭദ്രത കൈവരിക്കുന്നതിന് സാധിച്ചിട്ടുണ്ട്. രാജ്യത്ത് ആദ്യമായി പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് 200 തൊഴിൽദിനം ഉറപ്പ് നൽകുന്ന പദ്ധതി നടപ്പിലാക്കിയ സംസ്ഥാനമാണ് കേരളം. ഇതുവഴി പട്ടികവർഗ്ഗ ക്ഷേമത്തിൽ രാജ്യത്തിനു തന്നെ മാതൃകയാകുന്നതിന് കേരളത്തിന് കഴിഞ്ഞിട്ടുണ്ട്.നാളിതുവരെ നൽകിയ തൊഴിൽ ദിനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. |

| Financial Year | Person days Generated |
|---|---|
| 2018-19 | 450909 |
| 2019-20 | 361090 |
| 2020-21 | 1227583 |
| 2021-22 | 1322434 |
| 2022-23 | 1182527 |
| 2023-24 | 1551466 |
| 2024-25 (as on 03/03/2025) | 881172 |

| | | | |
|---|---|---|---|
| | | | |
| (ബി) | പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഉന്നമനത്തിനായി ചെലവഴിക്കപ്പെടുന്ന തുക കാര്യക്ഷമമായി വിനിയോഗിക്കുന്നുവെന്ന് ഉറപ്പുവരുത്താൻ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ? | (ബി) | കേരള ട്രൈബൽ പ്ലസ് പദ്ധതി പ്രകാരം പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുള്ള 100 തൊഴിൽദിനങ്ങൾക്ക് ഉപരിയായി 100 തൊഴിൽദിനങ്ങൾ നൽകുന്നതിനൊപ്പം തന്നെ പദ്ധതി പ്രയോജനപ്പെടുത്തി പട്ടികവർഗ്ഗ സങ്കേതങ്ങളിലേക്കുള്ള റോഡുകളുടെ നിർമ്മാണം, പട്ടികവർഗ്ഗ കുടുംബങ്ങൾക്കുള്ള ഉപജീവന ആസ്തികളുടെ നിർമ്മാണം (കോഴിക്കൂട്, ആട്ടിൻകൂട്, പശുതൊഴുത്ത്) പട്ടികവർഗ്ഗ കുടുംബങ്ങളുടെ ഭൂമിയിലെ ഭൂവികസന പ്രവർത്തനങ്ങൾ എന്നിവ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. പട്ടികവർഗ്ഗ മേഖലയുടെ ഉന്നമനത്തിന് ഉതകുന്ന രീതിയിലുള്ള പ്രവൃത്തികൾ കൂടുതലായി ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നു.തൊഴിൽ കാർഡ് വിതരണം ചെയ്യുന്ന അവസരത്തിൽ തന്നെ പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട ആളാണെന്ന് ഉറപ്പ് വരുത്തിയ ശേഷം മാത്രമാണ് കേരള ട്രൈബൽ പ്ലസ് പദ്ധതിയിൽ ഉൾപ്പെടുത്താറുള്ളൂ.<br><br>പട്ടിക വർഗ്ഗ വിഭാഗങ്ങളുടെ ഉന്നമനത്തിനായി വകുപ്പ് മുഖേന നടപ്പിലാക്കുന്ന എല്ലാ പദ്ധതികളും കൃത്യമായ ഇടവേളകളിൽ വിശകലനം ചെയ്യുകയും, പ്രസ്തുത പദ്ധതികൾക്കായി ചെലവഴിക്കപ്പെടുന്ന തുക കാര്യക്ഷമമായി വിനിയോഗിക്കുന്നുണ്ടെന്നും<br><br>കൃത്യമായി ഉറപ്പ് വരുത്തുന്നുണ്ട്. കൂടാതെ വകുപ്പ് ആവിഷ്കരിക്കുന്ന പദ്ധതികളും ചെലവഴിക്കുന്ന തുകകളും കൃത്യമായും സുതാര്യമായും പട്ടിക വർഗ്ഗ ഗുണഭോക്താക്കളിൽ തന്നെ എത്തുന്നുണ്ടെന്ന് ഫീൽഡ് തലത്തിൽ പട്ടികവർഗ്ഗ പ്രൊമോട്ടർമാർ, ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാർ ജില്ലാ ഉദ്യോഗസ്ഥർ എന്നിവർ മുഖേന നിരന്തരം ഉറപ്പ് വരുത്തുന്നു. |

സെക്ഷൻ ഓഫീസർ